**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1235** **07-12-2022 - ൽ മറുപടിയ്ക്ക്**

**തെരുവ് നായ്ക്കളെ നിയന്ത്രിക്കലും വാക്സിനേഷനും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | തെരുവ് നായ്ക്കളുമായി ബന്ധപ്പെട്ട വിഷയത്തിൽ എന്തൊക്കെ ഉത്തരവാദിത്തങ്ങളാണ് മൃഗസംരക്ഷണ വകുപ്പിൽ നിക്ഷിപ്തമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | **തെരുവുനായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിനും പേവിഷ വാക്സിൻ കുത്തിവയ്ക്കുന്നതിനും, മൃഗസംരക്ഷണ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.**<br><br>**ഈ വിഷയത്തിൽ 29/09/2022 ലെ സ.ഉ(സാധാ) നമ്പർ 2376/2022/തസ്വഭവ പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു പ്രകാരം പ്രതിരോധ കുത്തിവെയ്പിനാവശ്യമായ വാക്സിൻ സംഭരണം, വിതരണം, ക്യാമ്പുകൾ സംഘടിപ്പിയ്ക്കൽ, മോണിറ്ററിംഗ് സമിതി രൂപീകരിയ്ക്കൽ, ഡോഗ് ക്യാച്ചേഴ്സ്, മൃഗപരിപാലകർ എന്നിവരെ ജില്ലാ അടിസ്ഥാനത്തിൽ നിയമിയ്ക്കൽ, കുടുംബശ്രീ സംവിധാനവും സന്നദ്ധസംഘടനകളും ലഭ്യമാക്കുന്ന ഡോഗ് ക്യാച്ചേഴ്സിന് ആവശ്യമായ പരിശീലനം നൽകി നിയോഗിയ്ക്കൽ എന്നിവയുടെ ഏകോപനവും നടത്തിപ്പും മൃഗസംരക്ഷണ വകുപ്പിന്റെ ഉദ്യോഗസ്ഥർ നിർവഹിയ്ക്കേണ്ടതാണ്. പുതിയതായി ആരംഭിയ്ക്കുന്ന എബിസി കേന്ദ്രങ്ങൾക്ക് സ്ഥലം കണ്ടെത്തുക എന്നത് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാതല ഉദ്യോഗസ്ഥരുടെ സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണ സമിതി നടപടി സ്വീകരിയ്ക്കേണ്ടതും ഈ പ്രവർത്തനം തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി ഏകോപിപ്പിയ്ക്കേണ്ടതുമാണ്. നിർമ്മാണ പ്രവർത്തനങ്ങൾ മൃഗസംരക്ഷണ വകുപ്പിൽ നിന്നുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലും സാങ്കേതിക നിർദ്ദേശങ്ങൾക്കനുസൃതമായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്.** |

| | | | |
|---|---|---|---|
| | | | എബിസി ചെയ്യുന്നതിനായി കരാർ അടിസ്ഥാനത്തിൽ വെറ്ററിനറി സർജൻ, മൃഗപരിപാലകർ, തിയേറ്റർ സഹായി, ശുചീകരണ സഹായി എന്നിവരെ നിയമിയ്ക്കാൻ 23.08.2022 ലെ സ.ഉ(സാധാ) നമ്പർ 2065/2022/തസ്വഭവ ഉത്തരവു പ്രകാരം തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | തെരുവ് നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിനും പേവിഷ വാക്സിൻ കുത്തിവയ്ക്കുന്നതിനും ഉള്ള ചുമതല മൃഗസംരക്ഷണ വകുപ്പിൽ ആണോ നിക്ഷിപ്തമായിട്ടുള്ളതെന്ന് അറിയിക്കുമോ; ആണെങ്കിൽ ഇക്കാര്യത്തിൽ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ? | (ബി) | **തെരുവുനായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിനും പേവിഷ വാക്സിൻ കുത്തിവയ്ക്കുന്നതിനും, മൃഗസംരക്ഷണ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.**<br><br>**സംസ്ഥാനത്ത് തെരുവുനായ്ക്കൾക്ക് പേവിഷ പ്രതിരോധ കുത്തിവെയ്പ് സെപ്റ്റംബർ 20 മുതൽ ആരംഭിച്ചിട്ടുണ്ട്. ഇതിനു വേണ്ടി 170 ഹോട്ട് സ്പോട്ടുകൾ മൃഗസംരക്ഷണ വകുപ്പ് പഞ്ചായത്ത് തലത്തിൽ കണ്ടെത്തിയിട്ടുണ്ട്. സൗജന്യമായി വാക്സിൻ മൃഗസംരക്ഷണ വകുപ്പ് വിതരണം ചെയ്യും. ഡോഗ് ക്യാച്ചർമാർ, വാഹനം എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്നതാണ്. സെപ്റ്റംബർ 20 മുതൽ നാളിതു വരെ 11651 തെരുവുനായ്ക്കൾക്ക് പ്രതിരോധ കുത്തിവെയ്പ് നൽകിയിട്ടുണ്ട്. സംസ്ഥാനാടിസ്ഥാനത്തിൽ 506 ഡോഗ് ക്യാച്ചർമാരെ കണ്ടെത്തി മൃഗസംരക്ഷണ വകുപ്പിന്റെ ട്രെയിനിങ്ങ് കേന്ദ്രങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്. കൂടുതൽ ഡോഗ് ക്യാച്ചർമാരെ കണ്ടെത്തി വകുപ്പിന്റെ പരിശീലന കേന്ദ്രങ്ങളിൽ പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.**<br><br>**കുടുംബശ്രീയ്ക്ക് അനിമൽ വെൽഫെയർ ബോർഡിന്റെ അംഗീകാരം ഇല്ലാത്തതിനാൽ ഹൈക്കോടതിയിൽ നിലവിലുള്ള WP(C) No. 13204/2021 തീയതി 19/07/2021 ലെ ഇടക്കാല വിധി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കുടുംബശ്രീ മുഖാന്തിരം ABC പദ്ധതി നടപ്പിലാക്കുന്നത് തടഞ്ഞുകൊണ്ട് ഉത്തരവുണ്ടായിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് എബിസി ചെയ്യുന്നതിന് അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇൻഡ്യയുടെ അനുമതിയുള്ള സംഘടനകൾ ആവശ്യത്തിന് ഇല്ലാത്തതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതിനായുള്ള പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. നിലവിൽ സംസ്ഥാനത്ത് 18 കേന്ദ്രങ്ങളിൽ എബിസി പ്രവർത്തനങ്ങൾ നടന്നു വരുന്നു. സംസ്ഥാനത്ത് 37 എബിസി സെന്ററുകൾ** |

| | | | |
|---|---|---|---|
| | | | **പ്രവർത്തിപ്പിയ്ക്കുന്നതിന് ആവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ